ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ കുടിശ്ശികയു ണ്ടായിരുന്ന 13 മാസത്തേതുൾപ്പെടെ 5/98 വരെയുള്ള 38 മാസത്തെ തൊഴിൽര ഹിത വേതനം വിതരണം ചെയ്തിട്ടുണ്ട്. 1.6.98 മുതലുള്ള തൊഴിൽരഹിത വേതനത്തിനായി പുതിയതായി അപേക്ഷ ക്ഷണിക്കുക, അവ പരിശോധി ക്കുക, ഗുണഭോക്താക്കൾക്കു അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ തദ്ദേശഭ രണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഇതിനുള്ള നടപടി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരികയാണ്. ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപന ങ്ങളും അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു എങ്കിലും മറ്റു നടപടികൾ പൂർത്തിയാ ക്കിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ കണക്ക് ലഭി ച്ചാൽ മാത്രമേ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) തൊഴിൽരഹിത വേതനം കൈപ്പറ്റിയിരുന്നവരിൽ 40107 പേരുടെ കുറവുണ്ടായിട്ടുണ്ട്. അതിനുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയു ന്നവയാണ്.

1) 1994-നു ശേഷം 1998-99-ൽ മാത്രമാണ് വേതനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. അത് അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടി കൾ ആയിട്ടേയുള്ളൂ.

2) നിലവിലുള്ള ഗുണഭോക്താക്കളിൽ 35 വയസ്സ് കഴിഞ്ഞവർക്ക് അർഹത നഷ്ടപ്പെടുന്നു.

3) തൊഴിൽ നേടുന്നതിലൂടെയും വിദ്യാഭ്യാസം തുടരുന്നതിലൂ ടെയും വരുമാനം വർദ്ധിക്കുന്നതിലൂടെയും ധാരാളം പേർക്ക് അർഹത നഷ്ട പ്പെടുന്നു.

106 (1212) കശുവണ്ടി വികസന കോർപ്പറേഷനിലെ പ്രവൃത്തി ദിനങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരുന്ന ഫാക്ടറി കളിൽ ഈ വർഷം ഇതുവരെയായി എത്ര പ്രവൃത്തി ദിനങ്ങളാണ് ഉണ്ടായിട്ടു ള്ളത്;

(ബി) ഇനിയും ഈ വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങളാണ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 കലണ്ടർ വർഷം ഇതുവരെ അൻപത് പ്രവൃത്തി ദിനങ്ങൾ.

(ബി) ഇനി കുറഞ്ഞ് 70 പ്രവൃത്തി ദിനങ്ങളെങ്കിലും 1999 കലണ്ടർ വർഷം നൽകാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly